കശുവണ്ടി മേഖലയെ പ്രതികൂലമായി ബാധിക്കുന്ന വിദേശ വ്യാപാരനയം

256 (601) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റിന്റെ പുതിയ വിദേശ വ്യാപാരനയം കശുവണ്ടി മേഖലയെ പ്രതികൂലമായി ബാധിക്കുന്ന എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ബി) കയറ്റുമതി പ്രോത്സാഹനത്തിന്റെ ഭാഗമായി കശുവണ്ടിക്ക് ലഭ്യമായിരുന്ന ഡ്യൂട്ടി സ്ക്രിപ് ആനുകൂല്യം അഞ്ച് ശതമാനത്തിൽനിന്നും രണ്ട് ശതമാനമായി വെട്ടിക്കുറച്ച കേന്ദ്ര ഗവൺമെന്റിന്റെ നടപടി പിൻവലിക്കുന്നതിന് വേണ്ടി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ വിദേശ വ്യാപാരനയം അനുസരിച്ച് 1-4-2015-ന് പ്രഖ്യാപിച്ച ഫോറിൻ ട്രേഡ് പോളിസി പ്രകാരം ഇന്ത്യയിൽനിന്ന് കയറ്റുമതി ചെയ്യുന്ന കശുവണ്ടി ഉല്പന്നങ്ങളുടെ കയറ്റുമതിയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വ്യവസ്ഥയായ VKGUY (വിശേഷ കൃഷി ഗ്രാമ ഉദ്യോഗ് യോജന) അഞ്ച് ശതമാനത്തിൽ നിന്ന് രണ്ടുശതമാനമായി കുറയ്ക്കുകയുണ്ടായി. ഇത് കശുവണ്ടി കയറ്റുമതിയെ പ്രതികൂലമായി ബാധിക്കുന്നതിനാൽ കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലും (CEPC) കേരള ഗവൺമെന്റും ഇതുസംബന്ധിച്ച് വാണിജ്യ മന്ത്രാലയവുമായി ചർച്ച നടത്തുകയും പഴയതുപോലെ ഇത് 5 ശതമാനമായി പുനഃസ്ഥാപിക്കാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(ബി) കയറ്റുമതി പ്രോൽസാഹനത്തിന്റെ ഭാഗമായി കശുവണ്ടിക്ക് ലഭ്യമായിരുന്ന ഡ്യൂട്ടി സ്ക്രിപ് ആനുകൂല്യം അഞ്ചുശതമാനത്തിൽ നിന്ന് രണ്ടു ശതമാനമായി വെട്ടിക്കുറച്ച കേന്ദ്ര ഗവൺമെന്റിന്റെ നടപടി പിൻവലിക്കുവാനും ഡ്യൂട്ടി സ്ക്രിപ് ആനുകൂല്യം അഞ്ച് ശതമാനമായി പുനഃസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ട് മുഖ്യമന്ത്രി കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന് കത്ത് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly